എന്നാൽ അവിടെയും ഈ Fowler's Method അത്ര ശരിയല്ല എന്നാണ് പറയുന്നത്. അതിന്റെ നാലുപുറവും ഇരിക്കുന്ന ആളുകളുടെ complaint ഉണ്ട്. അനന്തപുരത്തിൽ ഇതൊന്നും successful ആയി കാണാനില്ല. അതുകൊണ്ട് ഇതിനെക്കുറിച്ച് ആലോചിക്കുകയാണ്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: മലത്തെ വളമാക്കി ഉപയോഗപ്പെടുത്തുന്നതിനു്, ലോകത്തിൽ എവിടെയെങ്കിലും ശരിയായിട്ടുള്ള ഏതെങ്കിലും methods ഉള്ളതായി ഇന്നത്തെ ഗവൺമെണ്ടിനറിയാമൊ?

റാവു ബഹദൂർ ടി. കെ. നായർ: അതാണ് പറഞ്ഞത് Indore Method, Fowler's method, ഇങ്ങിനെ പലതുമുണ്ട്. പക്ഷെ അതിനൊക്കെ വളരെ സൌകര്യമായ സ്ഥലം ആവശ്യമാണ്. പക്ഷെ. ഇവിടെ പട്ടണത്തിൽ അതൊക്കെ ചെയ്യുന്നതിനു് അത്ര സൌകര്യമായിട്ട സ്ഥലമില്ലാത്തതുകൊണ്ട്, ആ സ്ഥലത്തിന്റെ അയൽവാസികളൊക്കെ അതു് ഉപദ്രവമായിട്ടെ കണക്കാക്കുകയുള്ളു.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: സർ, ഈ വിഷയം കുറച്ചുകൂടി കാര്യക്ഷമമായിട്ടാലോചിച്ച് അതുണ്ട്; ഇതുണ്ട്, എന്നുള്ള ഭാഷ മാറ്റിട്ട് ഇന്ന തീയ്യതിക്കുമുമ്പ് ആലോചിച്ച്, ഇന്ന നിലയിൽ എത്തിച്ചുകൊള്ളാമെന്നു് ഇന്നത്തെ ഗവൺമെണ്ടിനു് പറയാൻ സാധിക്കുമൊ?

റാവു ബഹദൂർ ടി. കെ. നായർ: കൃത്യമായിട്ടുള്ള ചോദ്യം ചോദിച്ചുകഴിഞ്ഞാൽ, അവിടെയുണ്ട്, ഇവിടെയുണ്ട് എന്നു പറയാതെ, കൃത്യമായിട്ടുള്ള മറുപടി തരുവാൻ ഗവൺമെണ്ടു് തയ്യാറാണ്. ഇവിടെ Trenching ground shift ചെയ്യേണ്ട കാര്യത്തെപ്പറ്റി പറയുമ്പോൾ, ഇൻഡോറിലും മറ്റുമുള്ള നടപടിയെക്കുറിച്ച് പറയാൻ ഗവൺമെണ്ടു് ഒരുങ്ങിവന്നിട്ടില്ല എന്നു് വ്യസനസമേതം അറിയിച്ചുകൊള്ളട്ടെ.

Mr. S. S. Koder *(Nominated)*: Has the Government realised that the only practical solution to this problem is the drainage scheme?

Rao Bahadur T. K. Nayar *(Prime Minister)*: That is the best thing.

Mr. S. S. Koder *(Nominated)*: Is that the only solution?

Rao Bahadur T. K. Nayar *(Prime Minister)*: I cannot say that that is the only solution; that is the best.

Mr. S. S. Koder *(Nominated)*: Has the Government taken any steps to introduce drainage scheme in the town of Ernakulam?

Rao Bahadur T. K. Nayar *(Prime Minister)*: There also there is practical difficulty because of the proximity of water.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: Town Planning Expert വന്നു എന്നു പറഞ്ഞുവല്ലൊ. അപ്പോൾ ഈ septic tank ന്റെ കാര്യം പറഞ്ഞകൂട്ടത്തിൽ, proper drainage scheme നെപ്പറ്റി ചോദിക്കുകയുണ്ടായിട്ടുണ്ടോ?

Rao Bahadur T. K. Nayar *(Prime-Minister)* That is being examined.

മിസ്റ്റർ പി. മാണി: ഇവിടെ കുറച്ചു മുമ്പു Town Planning expert വന്നിരുന്നപ്പോൾ അദ്ദേഹത്തോടു് ഇതിനു ഏറ്റവും പറ്റിയ സ്ഥലം തിരഞ്ഞെടുക്കുന്ന സംഗതിയെപ്പറ്റി ആലോചിക്കയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

STUDENTS EXPELLED FROM THE ERNAKULAM COLLEGE—RE-ADMISSION OF

200. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമൊ—

(എ) എറണാകുളം കോളേജിൽനിന്നും പുറത്താക്കിയ ഏ ഴു വിദ്യാർത്ഥികളെ കോളേജിലേക്കു് തിരച്ചെടുക്കണമെന്നായി പ്രിൻസിപ്പാൾ മദ്രാസ് സർവ്വകലാശാലക്കു ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) പ്രിൻസിപ്പാൾതന്നെയാണൊ ഇവരെ പുറത്താക്കീയതു്;

(സി) മതിയായ കാരണം കൂടാതെയാണോ ഇവരെ പുറത്താക്കിയതു്;

(ഡി) അല്ലെങ്കിൽ പിന്നീടു തിരച്ചെടുക്കണമെന്നു ശുപാർശചെയ്യുവാൻ കാരണമെന്തായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ഇല്ല. പക്ഷെ ഈ ഫീ കുട്ടികളും സ്വകലാശാലക്കയച്ച അപേക്ഷകരും അനുഭാവത്തോടുകൂടി പരിഗണിക്കുവാൻ ശ്രമിച്ചു ചെയ്തിട്ടുണ്ട്.

(ബി) അതെ.

(സി) അല്ല.

(ഡി) പുറത്താക്കിയ കുട്ടികളും പ്രിൻസിപ്പാളിനോടും രണ്ടു സീനിയർ പ്രൊഫസർമാരോടും മാപ്പു ചോദിക്കുകയും മേലിൽ കോളേജു നിയമത്തിനും അച്ചടക്കത്തിനും വിരോധമായി പ്രവർത്തിക്കുകയില്ലെന്നും ഉറപ്പുതരികയും ചെയ്തതുകൊണ്ട്.

INDIAN DOMINION AND COCHIN STATE—CONDITIONS GOVERNING RELATIONSHIP

201. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) കൊച്ചിരാജ്യവും ഇന്ത്യൻ ഡൊമീനിയനും തമ്മിലുള്ള ബന്ധം എന്തെങ്കിലും വ്യവസ്ഥകൾക്കു് അധീനമാണോ;

(ബി) അതെയെങ്കിൽ ആ വ്യവസ്ഥകൾ എന്തെല്ലാം?

മിസ്റ്റർ എം. ശിവരാമമേനോൻ:

(എ) അതെ.

(ബി) കൊച്ചീ രാജ്യവും ഇൻഡ്യൻ ഡൊമീനിയനും തമ്മിൽ രണ്ടു് ഉടമ്പടികൾ ഇപ്പോൾ നിലവിലുണ്ടു്. അവ (എ) Stand Still Agreement (ബി) Instrument of Accession ഇവകൾ ആകുന്നു. ഇവകളുടെ പകർപ്പു് മേശപ്പുറത്തു് വെച്ചിരിക്കുന്നു.

PERSONAL REGISTERS—POLICE COMMISSIONER'S OFFICE—INSPECTION OF

202. Mr. M. I. Paul (*Narakkal*): Will Government be pleased to state.—

(*a*) is it not the duty of the Office Manager to weekly inspect the personal registers of the Office of the Commissioner of Police; if the answer is in the affirmative, what is the purpose of that inspection;

(*b*) has the Office Manager been able to find out any delay on the part of the clerks in handling papers in his office;

(*c*) has there been any instance of taking action on such delaying of papers for months together in the Police Commissioner's Office?

Rao Bahadur T. K. Nayar (*Prime Minister*):

(*a*) No; his duty is to inspect them once in a fortnight, in order to have an effective supervision and check of the disposal of papers as required under the existing orders.

(*b*) Yes.

(*c*) Yes.

Mr. M. I. Paul (*Narakkal*): On a point of information. Regarding this matter I have sent more than a dozen questions, but only this question is answered. May I know the reason?

Mr. President: That is a different matter. The Hon'ble Member may please enquire in the Office.

SANCTION ACCORDED FOR THE STARTING OF KURIES IN 1120, 1121 AND 1122—PARTICULARS OF

203. Mr. M. O. Thomakutty (*Commerce and Industry*):

Will Government be pleased to give a statement showing the following particulars regarding the sanction accorded for the conduct of Kuries in the years 1120, 1121 and 1122;

(*a*) the name of the Institution to which sanction has been accorded;

(*b*) number of kuries sanctioned to each institution in each year;

(*c*) the "Sala" (amount) of each kuri;

(*d*) whether the kuri is conducted monthly or yearly etc;

(*e*) the name of the officer or officers who directly conduct the investigation of the application for the conduct of Kuries;

(*f*) how many applications in all have so far been received in the year 1122 requesting sanction for the conduct of kuries, and how many applications have been refused and the names of the institutions whose applications have been refused?

LIBRARY ARCHIVES Kerala Legislative Assembly